ആശുപത്രി കീഴ്ജീവനക്കാരുടെ വിശ്രമസ്ഥലവും ഡ്രസ്സ് സ്വന്തമായി കൊണ്ടുവരുന്നതിനുള്ള സൗകര്യവും.

*829. [16] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽകോളേജ് ആശുപത്രിയിലെ ക്ലീനർമാർ, വാർഡർമാർ, അറൻഡർമാർ, തുടങ്ങിയ കീഴ്ജീവനക്കാർക്ക് ആശുപത്രിയിൽ അനുവദിച്ചിരുന്ന വിശ്രമസ്ഥലവും ഡ്രസ്സ് സ്വന്തമായി കൊണ്ടുവരുന്നതിനുണ്ടായിരുന്ന സൗകര്യവും ഇപ്പോൾ നിഷേധിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്താണു കാരണം ;

(സി) ഈ ജീവനക്കാർക്ക് വിശ്രമത്തിനു സ്ഥലം അനുവദിക്കാമെന്നു അവരുടെ സംഘടനയുമായി ഗവണ്മെൻറു നടത്തിയ കൂടിയാലോചനയിൽ സമ്മതിച്ചിട്ടുണ്ടായിരുന്നുവോ ; അതനുസരിച്ച് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ;

(ഡി) ഇപ്പോൾ എടുത്തുകളഞ്ഞിട്ടുള്ള സൗകര്യങ്ങൾ പുനഃസ്ഥാപിക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഇല്ല.
(ബി) ഉദിക്കുന്നില്ല.
(സി) കൂടിയാലോചന നടത്തിയിട്ടില്ല.
(ഡി) 'എ' യുടെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

ശ്രീ. ആർ. സുഗതൻ : ഹോസ്പിറ്റൽ യൂണിയൻെറ തീരുമാനമനുസരിച്ച് കുറ്റം നടപ്പിലാക്കിയിട്ടില്ലെന്നു പറഞ്ഞു. യൂണിയനിൽനിന്ന് ഒരു പ്രമേയം ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: പ്രമേയം കിട്ടിയതായി ഓർക്കുന്നില്ല. ഗവണ്മെൻറിൽനിന്നുള്ള റിക്കാർഡു പരിശോധിച്ചതിൽ അങ്ങനെയുള്ളതായ കൂടിയാലോചന നടത്തിയതായി ഓർമ്മയില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഹോസ്പിറ്റലിലെ തൊഴിലാളികൾക്ക് വൈകുന്നേരം അഞ്ചര മുതൽ രാവിലെ ഏഴരമണിവരെ ജോലിയുണ്ട്. മുമ്പ് ഹോസ്പിറ്റലിൽ വന്നാൽ ഡ്രസ്മാറുന്നതിനും വിശ്രമത്തിനും സൗകര്യമുണ്ടായിരുന്നു. ഇപ്പോൾ വെളുപ്പാൻകാലത്ത് ഏഴരമണിവരെ യാതൊരു വിശ്രമവുമില്ലാതെ ജോലിചെയ്യണമെന്നും ഡ്രസുമാറാൻ സമയം കൊടുക്കുന്നില്ല എന്നും ആശുപത്രി അധികാരികൾ നിർദ്ദേശിച്ചിട്ടുള്ള വിവരം ഗവണ്മെൻറിനറിയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : അങ്ങനെയുള്ളതായി അറിഞ്ഞുകൂടാ. ഇപ്പോഴും ഇങ്ങനെ ഡ്രസ്സു മാറുന്നതിനും വിശ്രമത്തിനും ഉള്ള സൗകര്യമുണ്ട്.

UNSTARRED QUESTIONS AND ANSWERS

ആയുർവ്വേദ ഡിസ്പെൻസറികൾ.

283. [1] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തൂർ താലൂക്കിൽ എത്ര ആയുർവ്വേദ ഡിസ്പെൻസറികൾ ഉണ്ട് ;

(ബി) അവയ്ക്ക് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഉണ്ടോ ;

(സി) അങ്ങാടിക്കൽ ആയുർവ്വേദ ഡിസ്പെൻസറിക്ക് കെട്ടിടം കെട്ടുന്നതിനു കൊല്ലം ഡി. ഡി. സി. യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) 3 ഡിസ്പെൻസറികളും ഉണ്ട്.

(ബി) കുന്നത്തൂർ, അങ്ങാടിക്കൽ, ഡിസ്പെൻസറിക്ക് കെട്ടിടം കെട്ടുന്നതിനു 75 സെന്റു പുറമ്പോക്കുസ്ഥലം ഏറെറടുത്തിട്ടുണ്ട്, മററു രണ്ടു ഡിസ്പെൻസറികൾക്ക് ഗവണ്മെൻറുവക സ്ഥലമോ കെട്ടിടമോ ഇല്ല.

(സി) അങ്ങാടിക്കൽ ഡിസ്പെൻസറിക്ക് കെട്ടിടം ഈ സാമ്പത്തിക വർഷത്തിൽ കെട്ടേണ്ടതാണെന്നു കൊല്ലം ഡി. ഡി. സി. തീരുമാനം എടുത്തിട്ടുണ്ട്.

അലോപ്പതി ആശുപത്രികൾ.

284. [2] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തൂർ താലൂക്കിൽ എത്ര അലോപ്പതി ആശുപത്രികൾ ഉണ്ട് ;

(ബി) ഇവയിൽ ഓരോന്നിലും എത്ര ഡാക്ടർമാർ ഉണ്ട് ;

(സി) ഇവയിൽ ഓരോന്നിലും എത്ര മിഡ്വൈഫും നേഴ്സുംവീതം ഉണ്ട് ;

(ഡി) ഇവയിലോരോന്നിലും എത്ര ശിപായിമാർ വീതമുണ്ട് :

(ഈ) ഇവയിൽ എവിടെയെങ്കിലും ആവശ്യത്തിനുള്ള സ്റ്റാഫില്ലെന്നുള്ള പരാതി ഉണ്ടോ ;

(എഫ്) ഈ ആശുപത്രികളുടെ പരിസരം ഡി. എം. ഓ. മുന്നറിവു കൂടാതെ പരിശോധിച്ചിട്ടുണ്ടോ ;

(ജി) ഇല്ലെങ്കിൽ പരിശോധിക്കാൻ വേണ്ട നിർദ്ദേശം കൊടുക്കുമോ ?

ഉത്തരം.

(എ) ആറു. (6)

(ബി) അടൂർ ആശുപത്രിയിൽ രണ്ടും, കടമ്പനാട്, ചന്ദനപ്പള്ളി, ശാസ്താംകോട്ട, എന്നീ മൂന്നു ഡിസ്പെൻസറികളിൽ ഓരോന്നും, ശൂരനാട് പ്രൈമറി ഹെൽത്തു സെൻററിൽ ഒന്നും വീതം ഡോക്ടർമാരുണ്ട്. കുടലിലുള്ള ടെമ്പററി മലേറിയാ ഡിസ്പെൻസറിയിൽ സ്ഥിരമായി ഡോക്ടറില്ല. ഇവിടെ പത്തനാപുരം പ്രൈമറി ഹെൽത്തു സെൻററിലെ ഡോക്ടർ ആഴ്ചയിൽ രണ്ടു പ്രാവശ്യം സന്ദർശിക്കുന്നുണ്ട്.

(സി) അടൂർ ആശുപത്രിയിൽ മൂന്നു നേഴ്സുമാരുണ്ട്. മററാശുപത്രികളിൽ നേഴ്സില്ല. കുടലിലൊഴികെ മറെറല്ലാ ആശുപത്രികളിലും ഓരോ മിഡ്വൈഫുണ്ട്. കുടാതെ ശൂരനാട് പ്രൈമറി ഹെൽത്തു സെൻററിൻെറ കീഴിലുള്ള അഞ്ചു സബ് സെൻററുകളിൽ ഓരോ മിഡ്വൈഫ് വീതം ഉണ്ട്.

(ഡി) അടൂരാശുപത്രിയിലും, ശൂരനാട് പ്രൈമറി ഹെൽത്തു സെൻററിലും മാത്രം ഓരോ ശിപായി ഉണ്ട്. മററുള്ള ആശുപത്രികളിൽ ശിപായിമാരില്ല.

(ഈ) അങ്ങനെ പരാതിയൊന്നും കിട്ടിയതായി കാണുന്നില്ല.

(എഫ്) അറിവില്ല.

(ജി) കൊടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly